## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3232        25-06-2012 -ൽ മറുപടിയ്ക്ക്.

### ആശ്രിത നിയമനം ത്വരിതപ്പെടുത്തൽ

| ചോദ്യം<br>ശ്രീ.കെ. കെ. ജയചന്ദ്രൻ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി ) |
|---|---|
| (എ) സംസ്ഥാനത്ത് ആശ്രിതനിയമനം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ഏതെല്ലാം വകുപ്പുകളിലാണ് ; വിശദാംശം ലഭ്യമാക്കുമോ ; | (എ) ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ചതിന് ശേഷം മാതൃവകുപ്പുകളിൽ ഒഴിവില്ലാത്തതിനാൽ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലേയ്ക്കായി പരിഗണിക്കപ്പെടുന്നതിനായി സർക്കാരിന്റെ ആശ്രിതനിയമനസെല്ലിൽ രജിസ്റ്റർ ചെയ്യിട്ടുള്ള ഇനിയും നിയമനം ലഭിക്കാനുള്ള അപേക്ഷകരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>തസ്തിക — സാധുവായ അപേക്ഷ തിയതി.<br>എൽ.ഡി.സി. — 512<br>സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് . — 56<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ . — 3<br>ഓഡിറ്റർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് . — 1<br>ലീഗൽ അസിസ്റ്റന്റ്. — 2<br>അസിസ്റ്റന്റ് ( അഡ്വക്കേറ്റ് ജനറൽ ഓഫീസ്. ) — 6<br><br>എൽ.ഡി.ടൈപ്പിസ്റ്റ്, ലാസ്റ്റ് ഗ്രേഡ് സർവന്റ്, എക്സൈസ് ഗാർഡ്,ഫോറസ്റ്റ് ഗാർഡ്, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ, പോലീസ് കോൺസ്റ്റബിൾ എന്നീ തസ്തികകളിലേക്ക് നാളിതുവരെ എല്ലാവർക്കും നിയമനം നൽകിയിട്ടുണ്ട്.<br><br>മാതൃവകുപ്പുകളെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് വരുന്നു. |
| (ബി) ആശ്രിതനിയമനം ത്വരിതപ്പെടുത്തുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ചതിന്ശേഷം സർക്കാർ ഉത്തരവ് ആയിട്ടും മാതൃവകുപ്പുകളിൽ ഒഴിവില്ലാത്തതിനാൽ സംസ്ഥാനത്തെ വിവിധ തസ്തികകളിലേക്ക് പരിഗണിക്കപ്പെടുന്നതിനായി സർക്കാരിന്റെ ആശ്രിതനിയമനസെല്ലിൽ രജിസ്റ്റർ ചെയ്ത് വർഷങ്ങളോളം കാത്തിരുന്നിട്ടും നിയമനം ലഭിക്കാത്ത അവസ്ഥ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, അത്തരക്കാരുടെ നിയമനം ത്വരിതപ്പെടുത്താനായി കടിശ്ശികയായ 549 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

| | |
|---|---|
| (സി)ആശ്രിതനിയമന വ്യവസ്ഥയിൽ ക്ലറിക്കൽ തസ്തികയ്ക്ക് വേണ്ട യോഗ്യത പ്ലസ് ടു ആയി ഉയർത്തിയിട്ടുണ്ടോ ; | (സി) ഉയർത്തിയിട്ടുണ്ട്. |
| (ഡി) യോഗ്യത പ്ലസ് ടു ആയി ഉയർത്തിയിട്ടുണ്ടെങ്കിൽ പത്താം ക്ലാസ് പാസായവരും എന്നാൽ വർഷങ്ങളായി നിയമനത്തിനായി കാത്തിരിക്കുന്നവരുമായ അപേക്ഷകരെ ആയത് ബാധിക്കുമോ ; ഉണ്ടെങ്കിൽ ഇവർക്ക് ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) ഇല്ല. നിലവിൽ തന്നെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി 1-7-2011 ന് മുമ്പ് തന്നെ നിയമപ്രകാരമുള്ള എല്ലാ രേഖകളും സഹിതം സാധുവായ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ കേസുകളിലും പുതുക്കിയ യോഗ്യതാ മാനദണ്ഡങ്ങൾ ബാധകമല്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ